<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4128</u> <u>03-03-2023 - ൽ മറുപടിയ്ക്ക്</u>

<u>വർക്ക് നിയർ ഹോം പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വർക്ക് നിയർ ഹോം പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി രൂപപ്പെടുത്തിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ വർക്ക് നിയർ ഹോം (WHN) പദ്ധതിക്ക് 02-02-2023-ലെ G.O(Ms)No.4/2023/ITD പ്രകാരം സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. നിലവിലെ മൂന്ന് സർക്കാർ ഐ.ടി പാർക്കുകളിൽ നിന്ന് അകലെയായി ആ സ്ഥലത്തെ ഇപ്പോഴത്തെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് 5,000 മുതൽ 50,000 വരെ ച.അടി വിസ്തൃതിയിൽ ഐ.ടി സ്പെയിസുകൾ സജ്ജീകരിക്കുന്നതാണ് നിർദ്ദിഷ്ട വർക്ക് നിയർ ഹോം മാതൃക. പ്ലഗ് &പ്ലേ ഓഫീസ്, കോ-വർക്കിംഗ് സ്പെയിസ്, മീറ്റിംഗ് റൂമുകൾ, കോൺഫറൻസ് റൂം, ട്രെയിനിങ്റൂം, കോഫി ലോഞ്ച് / റസ്റ്റോറന്റ്, സീംലെസ് ഇൻറർനെറ്റ് കണക്ടിവിറ്റി - വയേർഡ് വൈഫൈ, അൺ ഇൻററപ്റ്റഡ് പവർ സപ്ലൈ, എയർകണ്ടീഷൻ, വീഡിയോ/ ഓഡിയോ കോൺഫറൻസ് ഫെസിലിറ്റി, വയർലെസ് പ്രിൻറർ, സ്കാനർ എന്നിവയോടുകൂടിയ ഫ്രണ്ട് ഡെസ്ക്, 24 മണിക്കൂറും പ്രവർത്തിക്കുന്ന സർവയലൻസ് & സെക്യൂരിറ്റി എന്നിവ ഉൾപ്പെടുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി കൊച്ചി സൗത്ത് മെട്രോ സ്റ്റേഷനിൽ ഏകദേശം 40,000 ച.അടി ബിൽറ്റ് അപ്പ് സ്പേസിൽ ഡിസ്ട്രിബ്യൂട്ടഡ് വർക്ക് സ്പെയിസ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തങ്ങൾ പുരോഗമിക്കുന്നു.<br><br>ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനായുള്ള 19.04.2022 ലെ മാർഗ്ഗരേഖ ഉത്തരവിലെ സ.ഉ(കൈ) നമ്പർ 84/2022/തസ്വഭവ ഖണ്ഡിക 2.2(5), 2.3.2(2), 8.4.3(7) ഇവ പ്രകാരം വർക്ക് ഫ്രം ഹോം ആശയം പ്രാവർത്തികമാക്കുന്നതിനും സൈബർ ജോലിയിടങ്ങൾ സൃഷ്ടിക്കുന്നതിനും, കുടുംബശ്രീ |

| | | | |
|---|---|---|---|
| | | | ഓക്സിലറി ഗ്രൂപ്പുകളെ ബന്ധിപ്പിച്ചുകൊണ്ട് വർക്ക് ഫ്രം നെയിബർഹുഡ് പോലുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത് വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനും തദ്ദേശ സ്വംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ദേശീയ തലത്തിൽ വർക്ക് നിയർ ഹോം പദ്ധതി നടത്തിപ്പിന് വേണ്ടി തയ്യാറാക്കിയ രൂപരേഖ വിശദമാക്കാമോ; | (ബി) | ദേശീയ തലത്തിൽ വർക്ക് നിയർ ഹോം പദ്ധതി നടത്തിപ്പിന് വേണ്ടി തയ്യാറാക്കിയ രൂപരേഖ സംബന്ധിച്ച വിവരങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ല. 08.12.2022 ലെ കേന്ദ്ര ഗവൺമെൻറ് വിജ്ഞാപന പ്രകാരം Special Economic Zones (Fifth Ammendments) Rules 2022 പ്രകാരം ചട്ടം 43A ആയി Special Economic Zone ന് പുറത്ത് Work near Home അനുവദിച്ചുകൊണ്ടുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. |
| (സി) | പ്രസ്തുത ലക്ഷ്യത്തിന് വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കാൻ ആസൂത്രണം ചെയ്ത സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്ന മാർഗ്ഗരേഖ ഉത്തരവിലെ (19.04.2022 ലെ സ.ഉ(കൈ) നമ്പർ 84/2022/ തസ്വഭവ) ഖണ്ഡിക 2.2(5), 2.3.2(2), 8.4.3(7) ഇവ പ്രകാരം വർക്ക് ഫ്രം ഹോം ആശയം പ്രാവർത്തികമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ .അനുബന്ധം IV പ്രകാരം അനുവദിക്കുന്ന വികസന ഫണ്ട്, കേന്ദ്ര ധനകാര്യ കമ്മിഷൻ വിഹിതം (അടിസ്ഥാന ഗ്രാൻറ്), തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് എന്നിവ ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ 2023 – 24 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ Work Near Home പദ്ധതിയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനത്തിന് പ്രാദേശിക തലത്തിൽ രൂപരേഖ ഉണ്ടാക്കിയതായും ഇത്തരം സെൻററുകളുടെ പ്രവർത്തനത്തിനായി സർക്കാരും സ്വകാര്യ മേഖലയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് രൂപീകരിക്കുന്ന പങ്കാളിത്ത മാതൃകയാണ് ഉണ്ടാവുന്നതെന്നും. പലിശരഹിത വായ്പയായി കിഫ്ബിയിൽ നിന്നുള്ള ഫണ്ട് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ